Draft #1 of File 12540/AC B7-3/2020/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 25-May-2020 02:24 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പി.ജി പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള CAT Monitoring Committee യുടെ അധ്യക്ഷപദവി പ്രൊ -വൈസ് ചാൻസലർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2201/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.05.2020

---

*പരാമർശം:*-(1) നം .രജി/ 2 / 132 / 2020 തീയതി 11.03.2020 ആയുള്ള രജിസ്ട്രാറുടെ കുറിപ്പ്.

**ഉത്തരവ്**

സർവകലാശാലയുടെ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പിജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾക്കായുള്ള CAT Monitoring Committee യുടെ അധ്യക്ഷൻ നിലവിൽ സർവകലാശാലാ രെജിസ്ട്രാറാണ് . സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ സിലബസ് പരിഷ്കരണം, റെഗുലേഷനുകൾ തയ്യാറാക്കൽ, അവയുടെ ഭേദഗതികൾ എന്നീ കാര്യങ്ങൾ പ്രൊ - വൈസ് ചാൻസലർ അദ്ധ്യക്ഷനായ CSS Advisory Committee യുടെ മേൽനോട്ടത്തിലാണ് നടത്തുന്നതെന്നും ആയതിനാൽ ടി. കമ്മിറ്റിക്ക് പഠന വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള സമകാലിക വിവരങ്ങളും വ്യക്തമായ ധാരണകളും ഉള്ളതിനാൽ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പി.ജി പ്രവേശന നടപടികളുമായി ബന്ധപ്പെട്ടുള്ള CAT Monitoring Committee യുടെ അധ്യക്ഷപദവികൂടി CSS Advisory Committee യുടെ ചുമതല വഹിക്കുന്ന പ്രോ -വൈസ് ചാൻസലർക്ക് കൈമാറുന്നതായിരിക്കും ഉചിതം എന്ന് മേൽ പരാമർശം (1) കുറിപ്പിലൂടെ രജിസ്ട്രാർ ബഹു. വൈസ് ചാൻസലറെ അറിയിച്ചിരുന്നു. ടി.ശിപാർശ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

ഇതനുസരിച്ച് സർവകലാശാലയുടെ പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പി ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട CAT Monitoring Committee യുടെ അധ്യക്ഷപദവി പ്രൊ-വൈസ് ചാൻസലർക്ക് കൈമാറി ഉത്തരവാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ

(2 ) രജിസ്ട്രാറുടെ പി.എ

(3 ) CAT മോണിറ്ററിംഗ് സമതി അംഗങ്ങൾ

(4 ) എല്ലാ പഠന വകുപ്പ് മേധാവിമാർ / ഹോണററി ഡയറക്ടർ , കെ എൻ രാജ് സെന്റർ .

(5 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(6 ) എ.ആർ 4 (അക്കാദമിക് ), എ.സി.എ 5, എ.സി.എ 1

(7) കണ്ടൻറ്റ് മാനേജ്മെൻറ് സെക്ഷൻ

Draft #1 of File 12540/AC B7-3/2020/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 25-May-2020 02:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം